## പുതിയ സ്കൂളുകളും കോളേജുകളും

1428. [2160] ശ്രീ. സി. ടി. കൃഷ്ണൻ :
,, എൽ. ചന്ദ്രശേഖരക്കുറുപ്പ് :
,, വി. കേശവൻ :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ പുതുതായി സ്കൂളുകളും കോളേജുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സഹകാര്യമേഖലയിൽ ഓരോന്നും എത്രവീതം ;

(സി) ഗവൺമെൻറ് മേഖലയിൽ ഓരോന്നും എത്രവീതം ?

### ഉത്തരം

(എ) തീരുമാനം എടുത്തിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

## കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ സ്മാരക കോളേജ്

1429. [2162] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ സ്മാരക കോളേജിൽ 1977 ജനുവരി മുതൽ 1986 സെപ്റ്റംബർ വരെ എത്ര കെട്ടിടങ്ങൾ പണിയിച്ചിട്ടുണ്ട് ;

(ബി) അവയുടെ മൊത്തം ചിലവായ സംഖ്യ എത്ര ;

(സി) ഇതിനുവേണ്ടി ബഡ്ജറിൽ ഉൾക്കൊള്ളിച്ച വർക്കുകൾ ഇനി ചെയ്യാനുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ?

### ഉത്തരം

(എ) ഒരു പെർമനൻറ് കെട്ടിടം. ഇതിനു പുറമേ 1976-ന് മുൻപ് തുടങ്ങിവച്ച ഒരു സെമി പെർമനൻറ് കെട്ടിടത്തിൻറെ പണിയും ഈ കാലയളവിൽ പൂർത്തീകരിക്കുകയുണ്ടായി.

(ബി) പെർമനൻറ് കെട്ടിടത്തിന് 2,80,655 രൂപയും സെമി പെർമനൻറ് കെട്ടിടത്തിന് 1,00,764 രൂപയും രണ്ടിനുംകൂടി മൊത്തം 3,61,419 രൂപയും ചെലവായി.

(സി & ഡി) രണ്ടു പണികളും ഇനിയും ഏറ്റെടുത്ത് ചെയ്യുവാനുണ്ട്. അവയ്ക്കുവേണ്ടി 100 രൂപ വീതം ടോക്കൺ പ്രൊവിഷൻ മാത്രമേ ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly